പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2717

20..06..2013 -ൽ
മറുപടിയ്ക്ക്

## കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിലനിൽപ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.ജി.റ്റി.ഇ. കോമേഴ്സ്, കമ്പ്യൂട്ടർ വേർഡ് പ്രോസ്സസിംഗ് (ടൈപ്പിസ്റ്റ് തസ്തിക യ്ക്കായുളള) പരീക്ഷ ഘട്ടംഘട്ട മായി നിർത്തലാക്കുന്നകാര്യം പരിഗ ണനയിലുണ്ടോ; വിശദമാക്കുമോ ;<br>(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ; | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇത്തരം പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സംസ്ഥാനത്തെ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലനിർത്താൻ എന്തെല്ലാം നടപടിക ളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (സി) ഇത്തരം പരീക്ഷകൾക്ക് പരിശീലനം നൽകുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തി ക്കുന്ന കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. ഇത്തരം ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് ഇപ്പോഴും സജീവമായിത്തന്നെ പ്രവർത്തി ക്കുന്നുണ്ട്. അവയുടെ നിലനിൽപ്പിന് ദോഷകരമായി ഭവിക്കുന്ന യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) ഇതിനായി കമ്പ്യൂട്ടർ കോഴ്സായ ഡി.സി.എ., ഡേറ്റാ എൻട്രി കോഴ്സു കൾക്ക് തുല്യമായി ഈ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) ഡി.സി.എ. കോഴ്സിന്റെ സിലബസിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് കെ.ജി.റ്റി.ഇ. കോഴ്സിന്റെ ഭാഗമായി നടത്തുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസ്സസിംഗ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ഡി.സി.എ., ഡേറ്റാ എൻട്രി എന്നീ കോഴ്സുകൾക്ക് തുല്യമായി കെ.ജി.റ്റി.ഇ. കോമേഴ്സ് കോഴ്സ് അംഗീകരിക്കാൻ കഴിയുകയില്ല. |

Reeffe
സെക്ഷൻ ഓഫീസർ